**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3658** 15.05.2017- ൽ മറുപടിക്ക്

## ഫ്ലൈഓവറുകൾ, സിഗ്നലിംഗ് സംവിധാനം എന്നിവയിലൂടെ റോഡ് സുരക്ഷ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.കെ. കൃഷ്ണൻകുട്ടി** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) | വർധിച്ചുവരുന്ന വാഹനങ്ങൾ മൂലമുള്ള ഗതാഗതക്കുരുക്ക് പരിഹരിക്കാനും വാഹനാപകടങ്ങളിൽ കുറവ് വരുത്താനുമായി തമിഴ്-നാട്ടിലെ പോലെ കോർപറേഷൻ, നഗരസഭാ പ്രദേശങ്ങളിൽ ഫ്ലൈ ഓവറുകൾ നിർമ്മിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (എ) | വർധിച്ചുവരുന്ന വാഹന പെരുക്കം മൂലമുള്ള ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കിഫ്ബി മുഖേന ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിനായി 2016-17 ബഡ്ജറ്റിൽ 8 ഫ്ലൈ ഓവർ, 4 അണ്ടർപാസ്സ്, 17 ബൈപ്പാസുകൾ എന്നിവയും 2017-18 ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം നാല് ഫ്ലൈ ഓവറും വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | വരുന്ന 20 വർഷത്തെ വാഹന വർധനവ് കണക്കിലെടുത്ത് ഇതു സംബന്ധിച്ച് എന്തെങ്കിലും സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് ഉദ്ദേശിക്കുന്നുണ്ടോ; എല്ലാ തിരക്കുള്ള ജംഗ്ഷനുകളിലും സിഗ്നലിംഗ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | നഗര റോഡുവികസന പദ്ധതികളിൽ ഫ്ലൈ ഓവറുകൾ, നടപ്പാതകൾ, സിഗ്നൽ സംവിധാനങ്ങൾ, തെരുവ് വിളക്കുകൾ മുതലായവ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. അടുത്ത 15 വർഷത്തെ ഗതാഗത വർദ്ധനവ് കണക്കിലെടുത്ത് വിശദമായ പഠനം നടത്തിയാണ് നഗര റോഡുവികസന പദ്ധതികൾ ആവിഷ്കരിക്കുന്നത്. ഇന്ത്യൻ റോഡ് കോൺഗ്രസ് (IRC) നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് തിരക്കേറിയ ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനം സ്ഥാപിക്കുന്നതിനും അവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും നഗര റോഡു വികസന പദ്ധതികളിൽ വിഭാവനം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ദേശീയ, സംസ്ഥാന, ജില്ലാ പാതകളും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള പാതകളും കാൽനടക്കാർക്കും സൈക്കിൾ യാത്രികരായ സാധാരണക്കാർക്കും സൗഹൃദപരമാക്കാനായി കർമപദ്ധതി രൂപീകരിച്ച് സമയബന്ധിതമായി റോഡ് സുരക്ഷ ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കാൽനടക്കാർക്ക് റോഡ് മുറിച്ചുകടക്കുന്നതിന് പ്രധാനപ്പെട്ട ആശുപത്രികൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മുന്നിലുള്ള റോഡുകളിലും തിരക്കേറിയ ജംഗ്ഷനുകളിലും ഫുട്ഓവർ ബ്രിഡ്ജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കാനും ആയതിന്റെ റിപ്പോർട്ട് ഹാജരാക്കുവാനും ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളോട് റോഡ് സുരക്ഷാ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ നഗര വികസന പദ്ധതികളിലും കാൽ നടയാത്രക്കാരുടെ സുരക്ഷിതത്വത്തിനായി പ്രധാന ജംഗ്ഷനുകളിൽ കമ്പിവേലികൾ സ്ഥാപിക്കുകയും റോഡ് മുറിച്ച് കടക്കേണ്ട സ്ഥലങ്ങളിൽ സീബ്രാ ക്രോസിംഗ് വരച്ച് നൽകുകയും ചെയ്യുന്നുണ്ട്. സിഗ്നലുകൾ സ്ഥാപിച്ചിട്ടുള്ള ജംഗ്ഷനുകളിൽ കാൽനട - യാത്രക്കാർക്ക് റോഡ് മുറിച്ച് കടക്കുന്നതിനുവേണ്ടി പ്രത്യേക സിഗ്നലിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ദേശീയപാത വികസന പദ്ധതിയിൽ കാൽനട യാത്രക്കാർക്കും, സൈക്കിൾ യാത്രികരായ സാധാരണക്കാർക്കും മറ്റും സുരക്ഷിതമായി സഞ്ചരിക്കാൻ വേണ്ടതായ സംവിധാനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുഗമമായ യാത്ര ഉറപ്പാക്കുന്നതിന് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രാബല്യത്തിൽ വരുത്തി നടപടികൾ സ്വീകരിച്ചു വരുന്നു. |



**സെക്ഷൻ ഓഫീസർ**